## കേരള സർക്കാർ

### സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തൃശ്ശൂർ ജില്ല – 08.12.2021 തീയതിയിൽ തമിഴ്നാട്ടിലെ കുന്നൂരിൽ വെച്ചുണ്ടായ ഹെലികോപ്റ്റർ അപകടത്തിൽ മരണമടഞ്ഞ ശ്രീ. എ.പ്രദീപിന്റെ പിതാവിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

**ജി.ഒ. (എം.എസ്) നമ്പർ. 267/2021/റവ.** **തിരുവനന്തപുരം, തീയതി, 16.12.2021**

---

പരാമർശം: തൃശ്ശൂർ ജില്ലാ കളക്ടറുടെ 13.12.2021 തീയതിയിലെ DCTSR/10821/2021 – C2 നമ്പർ കത്ത്.

### ഉത്തരവ്

08.12.2021 ൽ തമിഴ്നാട് ഊട്ടിയിലെ കുന്നൂരിൽ വച്ചുണ്ടായ ഹെലികോപ്റ്റർ അപകടത്തിൽ മരണമടഞ്ഞ ഇന്ത്യൻ വ്യോമസേനയിലെ ജൂനിയർ വാറണ്ട് ഓഫീസർ ശ്രീ. എ.പ്രദീപിന്റെ പിതാവ് തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ പുത്തൂർ വില്ലേജിൽ പൊന്നൂക്കര ദേശത്ത് അറയ്ക്കൽ വീട്ടിൽ ശ്രീ. രാധാകൃഷ്ണന്റെ ചികിത്സയ്ക്കായി **3,00,000/- രൂപ (മൂന്ന് ലക്ഷം ലക്ഷം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2.വിതരണത്തിനാവശ്യമായി വരുന്ന **3,00,000/- രൂപ (മൂന്ന് ലക്ഷം ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. എ.ജയതിലക്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ജില്ലാ കളക്ടർ, തൃശ്ശൂർ
തഹസിൽദാർ, തൃശ്ശൂർ
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ ക്ക്
പ്രിൻസിപ്പൽ സെക്രട്ടറി, സൈനികക്ഷേമ വകുപ്പ്
പൊതുഭരണ (എസ്. സി.) വകുപ്പ് (15.12.2021 ലെ മന്ത്രിസഭായോഗ തീരുമാനം ഇനം OA നം. 449 പ്രകാരം)
സൈനികക്ഷേമ വകുപ്പ്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ